Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

12.09.2025

# ഡോ. ഏഡൻവാല സ്മാരക പ്രഭാഷണം
# ഡോ. ശശി തരൂർ ജൂബിലിയിൽ ഒക്ടോബർ 4-ന്

ആറുപതീറ്റാണ്ടിലധികം തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ശസ്ത്രക്രിയ വിദഗ്ധനായി പ്രവർത്തിക്കുകയും മുറിച്ചുണ്ട് ശസ്ത്രക്രിയ യിൽ ലോകപ്രശസ്തനാവുകയും ചെയ്ത ഡോ. എച്ച്. എസ്. ഏഡൻവാ ലയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഭാഷണപരമ്പരയിൽ ഈ വർഷത്തെ പ്രഭാഷണം ഡോ. ശശി തരൂർ എം. പി. നിർവ്വഹിക്കുന്നതാണ്. ആശുപത്രി സ്ഥാപനത്തിലും, ചികിത്സയിലും കോർപ്പറേറ്റ് സാന്നിധ്യം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മിഷൻ ആശുപത്രികളുടെ കാലിക പ്രസക്തിയെക്കുറിച്ച് ഒക്ടോബർ 4 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2-ന് ജൂബി ലിയിലെ മദർ തെരേസ ഹാളിൽ ഡോ. തരൂർ പ്രഭാഷണം നടത്തും. തൃശ്ശൂരിൽ ഏഴ് പതീറ്റാണ്ടിലധികമായി സ്തുത്യർഹമായി പ്രവർത്തിച്ചുവ രുന്ന ജൂബിലി മിഷൻ ആശുപത്രിയിൽ ദീർഘകാലം സേവനം ചെയ്ത ഡോ. ഏഡൻവാല 2020-ലാണ് അന്തരിച്ചത്. മുറിച്ചുണ്ട് ചികിത്സക്കായി സഹായം നൽകുന്ന അന്താരാഷ്ട്ര സംഘടനയായ സ്മൈൽ ട്രെയിനി നോട് ചേർന്ന് ഇരുപതിനായിരത്തിലധികം ശസ്ത്രക്രിയകൾ ചെയ്ത് ലോകപ്രശസ്തനായ ഡോ. ഏഡൻവാലയുടെ ഓർമ്മക്കായി നടത്തിവ രുന്ന വാർഷിക പ്രഭാണപരമ്പരയിൽ നാലാമത്തേതാണിത്.